# ജോസ് മാവേലിക്കും ഡോ. നിമ്മിക്കും പുരസ്കാരം നല്കി

**ആലുവ:** കായികരംഗത്ത് പ്രതിഭ തെളിയിച്ച ജോസ് മാവേലിയെയും ഡോ. നിമ്മി എ. ജോർജിനെയും ആലുവ ക്ലബ് ആദരിച്ചു. ആലുവ ഫ്രണ്ട്ഷിപ്പ് ഹൗസിൽ നടന്ന ചടങ്ങിൽവച്ച് കപ്പൂച്ചിൻ സഭാ സെന്റ് തോമസ് പ്രൊവിൻഷ്യൽ ഫാ. പോൾ മാടശേരി ഇരുവർക്കും പ്രശസ്തി ഫലകം നല്കിയാണ് ആദരിച്ചത്.

ചടങ്ങിൽ സെന്റ് ഡൊമിനിക് പള്ളി വികാരി റവ. ഡോ. പോൾ മാടൻ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ വർഷം നവംബറിൽ മഹാരാഷ്ട്ര നാസിക്കിലെ മീനത്തായി താക്കറെ സ്റ്റേഡിയത്തിൽ നടന്ന നാഷണൽ വെറ്ററൻസ് സ്പോർട്സ് ആൻഡ് ഗെയിംസ് ചാമ്പ്യൻഷിപ്പിൽ നാലു മെഡലുകളാണ് ജോസ് മാവേലി നേടിയത്.



ജോസ് മാവേലിയെയും ഡോ. നിമ്മി എ. ജോർജിനെയും ആലുവ ക്ലബ് ആദരിച്ചപ്പോൾ. ഫാ. സാജു ചിറയ്ക്കൽ, ഫാ. പോൾ മാടശേരി, റവ. ഡോ. പോൾ മാടൻ സമീപം

കഴിഞ്ഞ ഒക്ടോബറിൽ ഗ്രീസിൽ നടന്ന വേൾഡ് അമച്വർ ചെസ് ചാമ്പ്യൻഷിപ്പിൽ മെഡൽ കരസ്ഥമാക്കി ഭാരതത്തിന്റെ യശസുയർത്തിയതിനാണ് ഡോ. നിമ്മിയെ ക്ലബ് ആദരിച്ചത്.

തൃക്കാക്കര ഭാരതമാതാ കോളജിലെ കൊമേഴ്സ് വിഭാഗം ഹെഡും അസിസ്റ്റന്റ് പ്രഫസറുമാണ് ഡോ. നിമ്മി. ഫ്രണ്ട്ഷിപ്പ് ഹൗസ് ഡയറക്ടർ ഫാ. സാജു ചിറയ്ക്കൽ, ക്ലബ് പ്രസിഡന്റ് ഷെല്ലി തോമസ്, സെക്രട്ടറി ചാർളി വി. ജോസ് തുടങ്ങിയവർ പങ്കെടുത്തു.

# ...കടനവും ധർണയും നടത്തി

# വിദ്യാർഥിനിയു...